*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/HSE/2018** **25th May 2018**

# സർക്കുലർ

സൂചന : GO(Rt).No. 1724/2018/GEdn dated 08/05/2018

## സ്പോർട്ട്സ് ക്വാട്ട പ്രവേശനം 2018 : നിർദേശങ്ങൾ

**സ്പോർട്ട്സ് ക്വാട്ട അഡ്മിഷൻ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ഇക്കൊല്ലവും ഓൺലൈൻ സംവിധാനത്തിലായിരിക്കും..** രണ്ട് ഘട്ടങ്ങൾ ഉൾപ്പെട്ട ടി സംവിധാനത്തിലെ **ആദ്യ ഘട്ടത്തിൽ** സ്പോർട്ട്സിൽ മികവ് നേടിയ വിദ്യാർഥികൾ അവരുടെ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ അതാത് ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ ഓൺലൈനായി സ്പോർട്സ് മികവ് രജിസ്റ്റർ ചെയ്യുന്നതും അതാതു ജില്ലാ സ്പോർട്ട്സ് കൗൺസിൽ അധികാരികൾ ഓരോ വിദ്യാർഥിയുടേയും സ്പോർട്സ് സർട്ടിഫിക്കറ്റ് വിവരങ്ങൾ വേരിഫിക്കേഷൻ നടത്തുമ്പോൾ തന്നെ ഒരു സ്കോർ കാർഡ് ലഭിക്കുന്നതുമാണ്. **2018 മേയ് 30 വരെ ഇത്തരത്തിൽ രജിസ്ട്രേഷൻ നടത്തി സ്കോർ കാർഡ് നേടാവുന്നതാണ്. സ്കോർ കാർഡ് ലഭിച്ചവർക്ക് 2018 മേയ് 26 മുതൽ രണ്ടാം ഘട്ട അപേക്ഷാസമർപ്പണം ചെയ്യാവുന്നതാണ്.**

**രണ്ടാം ഘട്ടത്തിൽ** പ്ലസ് വൺ അഡ്മിഷന് യോഗ്യത നേടുന്ന വിദ്യാർഥികൾക്ക് സ്പോർട്ട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നതിനായി അവരുടെ അപേക്ഷ www.hscap.kerala.gov.in എന്ന വെബ്സൈറ്റിൽ **APPLY ONLINE-SPORTS** എന്ന ലിങ്കിലൂടെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷയിൽ വിദ്യാർഥിയ്ക്ക് താൽപര്യമുള്ള സ്കൂൾ/കോഴ്സുകൾ ഓപ്ഷനായി നൽകാവുന്നതാണ്. **2018 മേയ് 26 മുതൽ ജൂൺ 6 വരെ സ്പോർട്ട്സ് ക്വാട്ടയിൽ അപേക്ഷിക്കുവാൻ അവസ്സരമുണ്ടായിരിക്കും. മെരിറ്റ് ക്വാട്ടയിൽ ഏകജാലക സംവിധാനത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽപ്പോലും സ്പോർട്സ് ക്വാട്ടയിൽ പരിഗണിക്കുന്നതിനായി ഈ അവസരത്തിൽ വീണ്ടും അപേക്ഷിക്കണം.**

അപേക്ഷകൾ ഓൺ ലൈനായി സമർപ്പിച്ച ശേഷം അപേക്ഷയുടെ പ്രിൻറൗട്ടിൻെറ കോപ്പിയിൽ നിർദ്ദിഷ്ട സ്ഥാനത്ത് വിദ്യാർഥിയും രക്ഷകർത്താവും ഒപ്പ് വച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട ജില്ലയിലെ ഏതെങ്കിലും ഒരു

ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പളിന് യഥാസമയം സമർപ്പിക്കേണ്ടതാണ്. വേരിഫിക്കേഷനായി സമർപ്പിക്കുന്ന സമയത്തു അപേക്ഷയുടെ ഫീസായ 25 രൂപ അടക്കേണ്ടതാണ്. **സ്കൂൾ അധികാരികൾ വിദ്യാർഥി ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ കൃത്യത ഉറപ്പ് വരുത്തുന്നതും അപ്രകാരം ഉറപ്പ് വരുത്തിയ അപേക്ഷകൾ മാത്രമേ അലോട്ട്മെൻറ് പ്രക്രിയയ്ക്ക് പരിഗണിക്കുകയുള്ളൂ.**

## <u>സ്പോർട്ട്സ് ക്വാട്ട പ്രവേശന ഷെഡ്യൂൾ</u>

**1.മുഖ്യഘട്ടം**

സ്പോർട്സ് മികവ് രജിസ്ട്രേഷനും വെരിഫിക്കേഷനും :**11/05/2018 മുതൽ 30/05/2018 വരെ**

| | | |
|---|---|---|
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **26/05/2018** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **06/06/2018** |
| സ്പോർട്ട്സ് ക്വാട്ടമുഖ്യഘട്ട ഒന്നാം അലോട്ട്മെൻറ് തീയതി | : | **12/062018** |
| സ്പോർട്ട്സ് ക്വാട്ടമുഖ്യഘട്ടഅവസ്സാനഅലോട്ട്മെൻറ്തീയതി | : | **19/06/2018** |

**2.സപ്ലിമെൻററി ഘട്ടം**

സ്പോർട്സ് മികവ് രജിസ്ട്രേഷനും വെരിഫിക്കേഷനും :**10/06/2018 മുതൽ 25/06/2018**

| | | |
|---|---|---|
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **21/06/2018** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **25/06/2018** |
| സ്പോർട്ട്സ് ക്വാട്ടസപ്ലിമെൻററിഅലോട്ട്മെൻറ് തീയതി | : | **26/06/2018** |
| സ്പോർട്ട്സ് ക്വാട്ടഅവസ്സാനപ്രവേശന തീയതി | : | **27/06/2018** |

**ഡയറക്ടർ**